ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാള ഡിപ്പോയിൽ ഡീസൽ പമ്പ് സ്ഥാപിക്കുന്നതിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പമ്പ് സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ബസ് സർവ്വീസ് നിർത്തലാക്കിയ നടപടി

37 (1594) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ എടക്കാട് നിയോജക മണ്ഡലത്തിൽ സർവ്വീസ് നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സർവ്വീസ് നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുള്ള കാരണം വിശദമാക്കാമോ ;

(സി) കളക്ഷൻ കൂടുതലുള്ള റൂട്ടുകളിലെ സർവ്വീസും നിർത്തലാക്കിയിട്ടുള്ളതായി അറിയാമോ ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) നിർത്താലാക്കിയ സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രണ്ടു സർവ്വീസുകൾ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

(ബി) വരുമാനം കുറവായതു കാരണമാണ് ഇവ നിർത്തിവച്ചിട്ടുള്ളത്.

(സി) വരുമാനം കുറഞ്ഞ റൂട്ടുകളിൽ മാത്രമാണ് നിർത്തലാക്കിയിട്ടുള്ളത്. കളക്ഷൻ കൂടിയ സർവ്വീസുകൾ നിർത്തലാക്കിയിട്ടില്ല.

(ഡി) വരുമാനം കുറഞ്ഞ സർവ്വീസുകൾ സമയം പുനഃക്രമീകരിച്ചും മറ്റു ക്രമീകരണങ്ങൾ നടത്തിയും ഓടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ ഗ്രാമപ്രദേശങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ്

38 (1595) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയുടെ പലഭാഗങ്ങളിലേയും കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഗ്രാമങ്ങളിലേക്ക് ബസ് ഓടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) ബസ്സുകളുടെയും ജീവനക്കാരുടെയും കുറവ് നികത്തുന്നതിന് അനുസരിച്ച് കാസർഗോഡ് ജില്ലയിൽ ലാഭകരമായി ഓടിക്കത്തക്ക റൂട്ടുകളിൽ സർവ്വീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

മോട്ടോർ വാഹനവകുപ്പിൽ നിന്നുള്ള വരുമാനം

39 (1596) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തിക വർഷത്തിൽ ഇതുവരെ മോട്ടോർ വാഹന വകുപ്പിൽ നിന്നുള്ള വരുമാനം എത്രയാണ് ;

(ബി) മോട്ടോർ വാഹന വകുപ്പിൽ 2000-2001 സാമ്പത്തിക വർഷത്തിൽ ശമ്പളയിനത്തിൽ എന്തു തുകയാണ് ചെലവഴിക്കുന്നത് ?

ഉത്തരം

(എ) 24-2-2001 വരെ 3,40,09,00,114 രൂപ (മുന്നൂറ്റിനാൽപതു കോടി ഒൻപതു ലക്ഷത്തി ഒരുനൂറ്റി പതിനാല് രൂപ) പിരിച്ചെടുത്തിട്ടുണ്ട്.

(ബി) 2000-2001 സാമ്പത്തിക വർഷം ശമ്പളയിനത്തിൽ 13.5 കോടി രൂപ ചിലവ് 4 വരും. 28-2-2001 വരെ 12.3 കോടി രൂപ ശമ്പളയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

40 (1597) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വകുപ്പിൽ 1998-99 വർഷത്തേയ്ക്ക് നിശ്ചയിച്ചിരുന്ന റവന്യൂ വരുമാനത്തിന്റെ ടാർജറ്റ് എന്തായിരുന്നു ;

(സി) അതിൽ 1999 ഫെബ്രുവരി വരെ എന്തു തുക പിരിച്ചെടുത്തിട്ടുണ്ട് ;

(ഡി) ടാർജറ്റ് പ്രകാരം ഉള്ള റവന്യൂ പിരിച്ചെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly